(ഡി) ആനുകൂല്യങ്ങൾ എത്രയും വേഗം ജീവനക്കാർക്ക് ലഭിക്കുവാൻ സത്വര നടപടികൾ എടുക്കാമോ?

ഉത്തരം

(എ) 1-4-1985-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി), (ഡി) നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

മൊത്തം ജനസംഖ്യയിൽ തമിഴരുടെ അംഗസംഖ്യ

462 [818] ശ്രീ. ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തുള്ള തമിഴരുടെ ജില്ല തിരിച്ചും താലൂക്ക് തിരിച്ചും ഉള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പട്ടണങ്ങളിൽ താമസിക്കുന്ന തമിഴരിൽ സ്ത്രീകളുടേയും പുരുഷൻമാരുടേയും കണക്ക് വെളിപ്പെടുത്താമോ?

ഉത്തരം

(എ), (ബി) ഇതു സംബന്ധിച്ച 1981-ലെ സെൻസസ് കണക്കുകൾ തയ്യാറായിട്ടില്ല.

പെൻഷൻകാർക്കുള്ള ആനുകൂല്യങ്ങൾ

463 [819] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെൻറ് സർവ്വീസിൽനിന്ന് പെൻഷൻ പറ്റിയവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പെൻഷൻകാരുടെ സംഘടന ഗവൺമെൻറിന് എന്തെങ്കിലും നിവേദനം ഇക്കാര്യത്തിൽ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറിൻറെ സമീപനം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെൻഷൻ നിയമങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ഉത്തരവുകൾ ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാ വശങ്ങളും ധനകാര്യ വകുപ്പിൻറെ പരിശോധനക്കു വിധേയമാക്കുന്നതാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻകാരോട് ഈ ഗവൺമെന്റ് ഉദാരമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. കഴിയുന്നതും ഈ നിലപാടുതന്നെ തുടരാൻ ശ്രമിക്കുന്നതാണ്.

31-3-1985-ൽ സംസ്ഥാന സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയവർ

464 [820] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-1985-ൽ സംസ്ഥാനത്ത് പെൻഷൻ പറ്റിയവർ എത്രയാണ്;

(ബി) ഇവർക്ക് 1984-85 വർഷത്തിൽ ആകെ നൽകിയ പെൻഷൻ സംഖ്യ എത്രയാണ്;

(സി) പെൻഷൻ പറ്റിയവർക്ക് ഗവൺമെന്റ് പുതിയതായി അനുവദിക്കാൻപോകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(ഡി) മേൽപ്പറഞ്ഞ തീയതിക്കു മുൻപ് റിട്ടയർ ചെയ്തവരിൽ എത്രപേർക്ക് ഇനി പെൻഷൻ അനുവദിയ്ക്കാനുണ്ട്;

(ഇ) അതിൽ റിട്ടയർ ചെയ്തിട്ട് ഒരുവർഷം കഴിഞ്ഞിട്ടും പെൻഷൻ കിട്ടാത്തവർ എത്രയുണ്ട്?

ഉത്തരം

(എ) ഉദ്ദേശം ഒരുലക്ഷത്തി പതിനായിരത്തോളം പെൻഷൻകാർ ഉണ്ടാകും.

(ബി) എഴുപത്തഞ്ചു കോടി രൂപയാണ്.

(സി) പെൻഷൻ നിയമങ്ങൾ വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഉത്തരവുകൾ ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാവശങ്ങളും ധനകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാകുന്നതാണ്.

(ഡി) സർക്കാർ തലത്തിൽ (ധനകാര്യ വകുപ്പ്) പെൻഷൻ അനുവദിയ്ക്കേണ്ടത് വകുപ്പു മേധാവികളുടെയും സെക്രട്ടേറിയറ്റിലെ ജോയിന്റ് സെക്രട്ടറിമാർ മുതൽ മേൽപ്പോട്ടുള്ള ഉദ്യോഗസ്ഥൻമാരുടെയും മാത്രമാണ്.

(ഇ) ബാക്കിയുള്ള ഉദ്യോഗസ്ഥൻമാരുടെ പെൻഷൻ അനുവദിയ്ക്കുന്നതിനുള്ള അധികാരം വകുപ്പുമേധാവികൾക്ക് കൊടുത്തുകഴിഞ്ഞു. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരു കണക്ക് സർക്കാർ സൂക്ഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly